# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 250 28/10/2019-ൽ മറുപടിയ്ക്ക്

## ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, സി. കെ. ശശീന്ദ്രൻ<br>,, ആന്റണി ജോൺ<br>,, കെ. ആൻസലൻ | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കുട്ടികളിലുണ്ടാകുന്ന മാനസിക, സ്വഭാവ, വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് 'ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ' (ഒ.ആർ.സി.) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഏതെല്ലാം സ്കൂളുകളെയാണ് ഒ.ആർ.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷത വഹിക്കുന്ന ജില്ലാ തല ആക്ഷൻ ഗ്രൂപ്പാണ് ഓ.ആർ.സി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് . സംസ്ഥാനത്തെ 304 സ്കൂളുകളിലാണ് ഓ.ആർ.സി പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 25 സ്കൂളുകളിലും തൃശ്ശൂർ 26 സ്കൂളുകളിലും കൊല്ലം ജില്ലയിൽ 22 ഉം മലപ്പുറം ജില്ലയിൽ 21 ഉം , പത്തനംതിട്ട , ആലപ്പുഴ, ഇടുക്കി, കോട്ടയം, പാലക്കാട്, വയനാട് , കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 20 സ്കൂളുകളിലും ഓ.ആർ.സി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടിക വർഗ വികസന വകുപ്പിന് കീഴിലുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കൂടി ഓ.ആർ .സി നടപ്പിലാക്കുന്നുണ്ട് . |
| (സി) പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) 2019 -20 സാമ്പത്തിക വർഷത്തിൽ ഓ.ആർ.സി. പദ്ധതി നടത്തിപ്പിനായി 3 .5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയ്ക്ക് യൂണിസെഫ്- ൽ നിന്നും സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) ഉണ്ട്. കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് ഏറ്റവും പ്രാവർത്തികവും നൂതനവുമായ പദ്ധതിയായി ഓ. ആർ. സി. പദ്ധതിയെ യൂണിസെഫ് അംഗീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഓ.ആർ. സി. പദ്ധതി ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ യൂണിസെഫ് നൽകി വരുന്നുണ്ട്. വിവിധ വിവര വിജ്ഞാന സാമഗ്രികൾ തയ്യാറാക്കുന്നതിനും കുട്ടികൾക്കായി ജീവിത നിപുണതാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമാണ് യൂണിസെഫ് പിന്തുണ നൽകുന്നത്. വർഷാവർഷങ്ങളിൽ പദ്ധതിയെ കൃത്യമായി അവലോകനം ചെയ്തശേഷമാണ് യൂണിസെഫ് പദ്ധതിയ്ക്ക് പിന്തുണ നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**